## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 613 07-01-2014 ലെ മറുപടിയ്ക്ക്

## വിവിധ ഇനങ്ങളിലെ നികുതി വരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

എ) സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 2012-13-ലും 2013-14-ലും ഉണ്ടായ നികുതി വരുമാനം താഴെപ്പറയുന്ന ഓരോ ഇനത്തിലും എന്തു തുക വീതമാണെന്ന് വെളിപ്പെടുത്താമോ ;

1. വാണിജ്യനികുതി
2. എക്സൈസ്
3. രജിസ്ട്രേഷൻ
4. വാഹന നികുതി

എ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളുടെ ആദ്യപാദത്തിൽ (ജൂൺവരെ) ഉണ്ടായ നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| ഇനം | 2012-13 | 2013-14 |
|---|---|---|
| | (തുക കോടിയിൽ) | |
| വാണിജ്യനികുതി | 5101.03 | 5822.03 |
| എക്സൈസ് | 606.02 | 495.86 |
| രജിസ്ട്രേഷൻ | 746.65 | 652.90 |
| വാഹനനികുതി | 414.11 | 490.90 |

ബി) 2013-14 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വാറ്റ് നികുതി വർദ്ധിപ്പിച്ചതിനുശേഷം സ്വാഭാവികമായും പ്രതീക്ഷിച്ച നികുതിവർദ്ധന എത്ര ശതമാനമായിരുന്നു ;

ബി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന നികുതി വർദ്ധന 24.44 ശതമാനമാണ്.

സി) നിക്ഷിപ്ത താൽപ്പര്യങ്ങൾ വളർന്നതിന്റെയും നികുതിപിരിവ് സംവിധാനത്തിന്റെ തകർച്ചയുടെയും സൂചനയായി പ്രസ്തുത വരുമാന ഇടിവിനെ കാണാമോ ; വിശദമാക്കാമോ ?

സി) നിക്ഷിപ്ത താൽപര്യങ്ങൾ വളർന്നതിന്റെയും, നികുതി പിരിവ് സംവിധാനത്തിന്റെ തകർച്ചയുടെയും സൂചനയായി പ്രസ്തുത വരുമാന ഇടിവിനെ കാണാൻ സാധിക്കുകയില്ല. മാത്രമല്ല നികുതി വരുമാനത്തിൽ മൊത്തത്തിൽ ഒരു ഇടിവ് ഉണ്ടായിട്ടില്ല. എന്നാൽ നികുതി പിരിവിൽ പ്രതീക്ഷിച്ച പ്രകാരമുള്ള വർദ്ധനവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1) ഏറ്റവും കൂടുതൽ വാറ്റ് നികുതി ലഭിക്കുന്ന ഉൽപന്നമായ മോട്ടോർവാഹനത്തിൽ പ്രതീക്ഷിച്ച നികുതി വർദ്ധന ഉണ്ടായില്ല.

2) പ്രധാന കാർഷികോൽപ്പന്നങ്ങളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയിലും പൊതുവായ എല്ലാ നാണ്യവിളകളിലും ഉണ്ടായ വിലയിടിവും കാലവർഷക്കെടുതി മൂലമുള്ള ഉൽപാദനക്കുറവും ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി.

3) നിർമ്മാണ മേഖല പൊതുവേ മാന്ദ്യം നേരിടുന്നതിനാൽ ഈ മേഖലയിൽ നിന്നും നിർമ്മാണ സാമഗ്രികളുടെ നികുതിയിലും വളർച്ചാനിരക്ക് കുറവാണ് രേഖപ്പെടുത്തിയത്.

4) ഈ വർഷം അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന്മേൽ ലഭിക്കാമായിരുന്ന നികുതി ലഭിച്ചില്ല എന്നു മാത്രമല്ല പ്രധാനമായും കാർഷിക മേഖലയാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന നാണ്യവിളകളുടെ വിലയിടിവ്, മഴയെത്തുടർന്നുള്ള ഉൽപ്പാദനക്കുറവ് എന്നിവ കർഷകരുടെ ക്രയശേഷിയെ ബാധിച്ചു. ഇത് ആഡംബര വസ്തുക്കളുടെ വിൽപനയേയും തദ്വാര ലഭിക്കാമായിരുന്ന നികുതിയെയും ബാധിക്കുകയുണ്ടായി.

5) ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവിൽ ഗണ്യമായ ഇടിവുണ്ടായത് നികുതി വരുമാനത്തെ സാരമായി ബാധിച്ചു.

6) രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ വന്ന കുറവും സ്റ്റാമ്പ് ഡ്യൂട്ടിയിൽ 2% കുറവ് വരുത്തിയതും രജിസ്ട്രേഷൻ ഇനത്തിൽ വരുമാനം കുറയാൻ കാരണമായി.

**സെക്ഷൻ ഓഫീസർ**